"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ പോരന്നൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിനെതിരെയുള്ള ആരോപണം- ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.ശ്രീകുമാർ എ.എസ്-ന്റെ സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.66/2024/DD തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-
1. 13.11.2023 തീയതിയിലെ സ.ഉ.(സാധാ) 114/2023/ഡിഡി നമ്പർ ഉത്തരവ്
2. ശ്രീ.ശ്രീ.ശ്രീകുമാർ.എ.എസ് സർക്കാരിൽ സമർപ്പിച്ച 29.11.2023 ലെ നിവേദനം
3. 06.05.2024 തീയതിയിലെ സർക്കാർ വിജിലൻസ് (ബി) വകുപ്പിന്റെ വിജി-ബി 2/83/2024-വിജി നമ്പർ കത്ത്

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിലെ ഡയറി ഫാം ഇൻസ്ട്രക്ടർ ആയ ശ്രീ.ശ്രീകുമാർ.എ.എസ്-നെ പരാമർശം (1) ഉത്തരവ് പ്രകാരം സർവീസിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. ടി സസ്പെൻഷൻ പിൻവലിക്കുന്നതിനായി ശ്രീ.ശ്രീകുമാർ.എ.എസ് പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സസ്പെൻഷൻ പുന: പരിശോധിക്കുന്നതിനായി 08.04.2024 തീയതിയിൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ.ശ്രീകുമാർ എ.എസ്-ന്റെ സസ്പെൻഷൻ പരിഗണിച്ചുവെങ്കിലും ടിയാനെ സർവീസിൽ തിരിച്ചെടുക്കുന്നതിന് ശിപാർശ ചെയ്തിട്ടില്ലായെന്ന് പരാമർശം (4) ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനം പരിഗണിച്ച് ക്ഷീരവികസന വകുപ്പിലെ ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.ശ്രീകുമാർ എ.എസ്-ന്റെ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള സസ്പെൻഷൻ 12.05.2024 മുതൽ ടിയാനെ തിരികെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി പരിഗണിച്ച് തീരുമാനമാകുന്നത് വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ കെ.എസ്.ആർ പാർട്ട് 1 റൂൾ 55, കേരള സിവിൽ സർവ്വീസ്

(സിസി & എ) 1960 ചട്ടം 10 (7) എന്നിവ അനുസരിച്ചുള്ള ഉപജീവനബത്ത ശ്രീ.ശ്രീകുമാർ എ.എസ് ന് ലഭിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

- ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
- ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
- ശ്രീ.ശ്രീകുമാർ എ.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം (ക്ഷീരവികസന വകുപ്പ് ഡയറക്ടർ മുഖേന)
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
- അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
- വിജിലൻസ്(ബി) വകുപ്പ് (വിജി-ബി 2/83/2024-വിജി ഫയൽ പ്രകാരം)
- വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
- കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-05-2024 15:20:27

സെക്ഷൻ ഓഫീസർ